Series &RQPS/S

**SET-4**

Q.P. Code **12/S**

Roll No. | | | | | | | | |

Candidates must write the Q.P. Code on the title page of the answer-book.

**കുറിപ്പ് :**

(I) ചോദ്യപേപ്പറിൽ അച്ചടിച്ച **15** പുറങ്ങളുണ്ടെന്ന് ദയവുചെയ്ത് ഉറപ്പുവരുത്തുക.

(II) ചോദ്യപേപ്പറിൽ **9** ചോദ്യങ്ങൾ ഉണ്ടെന്ന് ദയവുചെയ്ത് ഉറപ്പുവരുത്തുക.

(III) പരീക്ഷാർത്ഥി ചോദ്യപേപ്പറിന്റെ വലതുമുകൾഭാഗത്ത് കൊടുത്തിരിക്കുന്ന ചോദ്യപേപ്പർ കോഡ് ഉത്തരക്കടലാസ്സിന്റെ ടൈറ്റിൽ പേജിൽ എഴുതേണ്ടതാണ്.

(IV) **ഉത്തരം എഴുതുന്നതിനു മുമ്പായി ഉത്തരക്കടലാസ്സിൽ ചോദ്യത്തിന്റെ ക്രമനമ്പർ എഴുതുക.**

(V) ചോദ്യപേപ്പർ വായിക്കാൻ 15 മിനിട്ടാണ് അനുവദിച്ചിട്ടുള്ളത്. രാവിലെ 10.15 നു ചോദ്യപേപ്പർ വിതരണം ചെയ്യുന്നതാണ്. രാവിലെ 10.15 മുതൽ 10.30 വരെ വിദ്യാർത്ഥികൾക്ക് ചോദ്യങ്ങൾ വായിച്ചുനോക്കാനുള്ള സമയമാണ്. ഈ സമയം ഉത്തരക്കടലാസ്സിൽ ഒരു ഉത്തരവും എഴുതാൻ ശ്രമിക്കരുത്.

**NOTE**

(I) Please check that this question paper contains **15** printed pages.

(II) Please check that this question paper contains **9** questions.

(III) Q.P. Code given on the right hand side of the question paper should be written on the title page of the answer-book by the candidate.

(IV) **Please write down the serial number of the question in the answer-book before attempting it.**

(V) 15 minute time has been allotted to read this question paper. The question paper will be distributed at 10.15 a.m. From 10.15 a.m. to 10.30 a.m., the students will read the question paper only and will not write any answer on the answer-book during this period.

# മലയാളം

# MALAYALAM

*അനുവദിച്ച സമയം : **3** മണിക്കൂർ* — *ആകെ മാർക്ക് : **80***

*Time allowed : **3** hours* — *Maximum Marks : **80***

***General Instructions :***

*(i)* *This question paper is divided into **three** sections.*

*(ii)* *It has total **9** questions.*

*(iii)* ***Section A** Objective (MCQ) **:** 3 questions no. 1 to 3.*

*(iv)* ***Section B** Descriptive **:** 3 questions no. 4 to 6.*

*(v)* ***Section C** Creative Writing **:** 3 questions no. 7 to 9.*

***പൊതു നിർദ്ദേശങ്ങൾ :***

*(i)* *ചോദ്യപേപ്പർ **3** വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു.*

*(ii)* *ചോദ്യപേപ്പറിൽ ആകെ **9** ചോദ്യങ്ങൾ ഉണ്ട്.*

*(iii)* ***എ** വിഭാഗത്തിൽ 3 ചോദ്യങ്ങൾ – ചോദ്യനമ്പർ 1 മുതൽ 3 വരെ.*

*(iv)* ***ബി** വിഭാഗത്തിൽ 3 ചോദ്യങ്ങൾ – ചോദ്യനമ്പർ 4 മുതൽ 6 വരെ.*

*(v)* ***സി** വിഭാഗത്തിൽ 3 ചോദ്യങ്ങൾ – ചോദ്യനമ്പർ 7 മുതൽ 9 വരെ.*

## എ വിഭാഗം / SECTION A

**1.** ഏതെങ്കിലും അഞ്ച് ചോദ്യങ്ങളുടെ ശരിയുത്തരം എടുത്തെഴുതുക : *5×1=5*

(i) ധർമ്മ്യുൽപ്രേക്ഷയ്ക്ക് പറയുന്ന മറ്റൊരു പേര് എന്ത് ?

(A) സ്വരോൽപ്രേക്ഷ

(B) വസ്തുൽപ്രേക്ഷ

(C) ക്രിയോൽപ്രേക്ഷ

(D) ഗമ്യോൽപ്രേക്ഷ

(ii) വർണ്യം എന്നതിന് പകരമായി ഉപയോഗിക്കുന്ന പദമെന്ത് ?

(A) ഉപമാനം

(B) ഉപമാവാചകം

(C) സാധാരണ ധർമ്മം

(D) ഉപമേയം

(iii) ഉൽപ്രേക്ഷയിൽ വർണ്യത്തിൽ തോന്നുന്നതെന്ത് ?

(A) ആശങ്ക

(B) ഉത്കണ്ഠ

(C) അതിശയം

(D) ആകാംക്ഷ

(iv) ഉൽപ്രേക്ഷയ്ക്ക് ബീജമായിരിക്കുന്നതെന്ത് ?

(A) വാസ്തവം

(B) അതിശയം

(C) സാമ്യം

(D) ശ്ലേഷം

(v) ഉൽപ്രേക്ഷയിലെ ഉപമാനത്തിന്റെ പ്രത്യേകതയെന്ത് ?

(A) ലോകസിദ്ധം

(B) ലോകപ്രസിദ്ധം

(C) ഭാവനാസൃഷ്ടം

(D) വിവരണാതീതം

(vi) ഉൽപ്രേക്ഷാ വിഷയം ഒരു കാരണമായാൽ ആ ഉൽപ്രേക്ഷാ വിഭാഗത്തിന്റെ പേരെന്ത് ?

(A) ധർമ്മ്യുൽപ്രേക്ഷ

(B) ഹേതുൽപ്രേക്ഷ

(C) ഫലോൽപ്രേക്ഷ

(D) ധർമ്മോൽപ്രേക്ഷ

(vii) ഉൽപ്രേക്ഷാവിഷയം ഒരു ധർമ്മിയാണെങ്കിൽ ആ ഉൽപ്രേക്ഷ ഏതു പേരിലാണ് അറിയപ്പെടുന്നത് ?

(A) ധർമ്മ്യുൽപ്രേക്ഷ

(B) ധർമ്മോൽപ്രേക്ഷ

(C) ഫലോൽപ്രേക്ഷ

(D) ഹേതുൽപ്രേക്ഷ

**2.** താഴെ കൊടുത്തിരിക്കുന്നതിൽ ഏതെങ്കിലും അഞ്ച് ചോദ്യങ്ങൾക്ക് ശരിയുത്തരം എഴുതുക. രണ്ട് ഉപചോദ്യങ്ങൾ വീതം ഓരോന്നിനുമുണ്ട്. *5×2=10*

(a) (i) ഏത് നാടൻ കലാരൂപമാണ് കാട്ടാളൻ എന്ന കഥാപാത്ര സൃഷ്ടിയുടെ പ്രചോദനം ?

(A) തെയ്യം

(B) കരിങ്കാളി

(C) പടയണി

(D) തിറയാട്ടം

(ii) കേരളത്തിലെ ഏതുപ്രദേശത്താണ് സാധാരണ ആ കലാരൂപം അരങ്ങേറാറുള്ളത് ?

(A) മദ്ധ്യതിരുവിതാംകൂർ

(B) ഉത്തരകേരളം

(C) മദ്ധ്യകേരളം

(D) വള്ളുവനാട്

(b) (i) തുഞ്ചത്തെഴുത്തച്ഛന്റെ ഭാഷയുടെ സവിശേഷതയെന്ത് ?

(A) ദ്രാവിഡവഴക്കം

(B) പാട്ടിന്റെയും മണിപ്രവാളത്തിന്റെയും സമന്വയം

(C) പാരുഷ്യവും ഗൗരവവും

(D) പച്ച മലയാളം

(ii) അദ്ദേഹത്തിന്റെ കൃതികളിലെ പ്രധാന രസം ഏതാണ് ?

(A) വീരം

(B) കരുണം

(C) ശാന്തം

(D) ഭക്തി

(c) (i) "അന്നാദിപാകസംഭാരം സ്വാമി നിയോഗാൽ" ആരാണീ സന്ദർഭത്തിലെ സ്വാമി ?

(A) ഋതുപർണൻ

(B) ഭീമൻ

(C) നളൻ

(D) രാജഗുരു

(ii) നിയോഗിച്ച സ്വാമിയുടെ രാജ്യം ഏത് ?

(A) കുണ്ഡിനം

(B) നിഷധം

(C) സാകേതം

(D) ഹസ്തിനപുരം

(d) (i) ഏതു കാലഘട്ടത്തിലാണ് കുഞ്ചൻ നമ്പ്യാർ ജീവിച്ചിരുന്നത് ?

(A) പതിനേഴാം നൂറ്റാണ്ട്

(B) പതിനെട്ടാംനൂറ്റാണ്ട്

(C) പതിനഞ്ചാം നൂറ്റാണ്ട്

(D) പതിനാറാം നൂറ്റാണ്ട്

(ii) അദ്ദേഹത്തിന്റെ ജന്മസ്ഥലം ഏതാണ് ?

(A) ചെമ്പകശ്ശേരി

(B) അമ്പലപ്പുഴ

(C) ആറന്മുള

(D) കിള്ളിക്കുറിശ്ശിമംഗലം

(e) (i) എന്തിനുള്ള ദാഹം പെരുകിയാണ് കാട്ടാളൻ മണ്ണിലിരുന്നത് ?

(A) ഭ്രാന്തസ്നേഹം

(B) കിനാവ്

(C) നിറനിലാവ്

(D) പഴഞ്ചാറ്

(ii) എങ്ങനെയുള്ള മണ്ണിലാണിരുന്നത് ?

(A) കളമെഴുതിയമണ്ണ്

(B) മലരുരുകിയ മണ്ണ്

(C) വെറും മണ്ണ്

(D) മാന്തോപ്പുകളുരുകും മണ്ണ്

(f) (i) കഥകളിയുടെ സാഹിത്യരൂപത്തിന് പറയുന്ന പേരെന്ത് ?

(A) തിരക്കഥ

(B) കളിയാട്ടം

(C) ആട്ടക്കഥ

(D) തിരയാട്ടം

(ii) കഥകളിയിൽ രണ്ടു പദങ്ങൾക്കിടയിലെ കഥാപാരമായ സൂചന നൽകുന്ന ഘടകം ഏതാണ് ?

(A) പദം (B) ശ്ലോകം

(C) ദണ്ഡകം (D) കഥനം

**3.** ഏതെങ്കിലും അഞ്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. ഓരോന്നിനും രണ്ട് ഉപചോദ്യങ്ങൾ വീതമുണ്ട്. *5×2=10*

(a) (i) "മുഖത്തിന്റെ അതിരിൽ ഒരു നിമിഷം ചിന്തിച്ചുനിന്ന് ചുട്ടുവിങ്ങുന്ന നെഞ്ചിലേക്ക് ചാടി" _ എന്ത് ?

(A) സിന്ദൂരം

(B) കണ്ണീർ

(C) കരിയും പുകയും

(D) ഗൗളികൾ

(ii) ആരുടെ നെഞ്ചിലേക്കാണ് ചാടിയത് ?

(A) ആരതിയുടെ

(B) സന്ദർശകയുടെ

(C) യുവാവിന്റെ

(D) പെൺഗൗളിയുടെ

(b) (i) അവകാശങ്ങളുടെ പ്രശ്നം എന്ന കഥ ഏതു രചനാസങ്കേതത്തിലാണ് എഴുതിയിരിക്കുന്നത് ?

(A) മിസ്റ്റിക്

(B) സറ്റയർ

(C) ഐറണി

(D) ഫാന്റസി

(ii) പി. പത്മരാജൻ എഴുതിയ നോവൽ ഏത് ?

(A) പ്രഹേളിക

(B) കരിയിലക്കാറ്റ്പോലെ

(C) നക്ഷത്രങ്ങളേ കാവൽ

(D) അപരൻ

(c) (i) നവമാധ്യമങ്ങൾ ശക്തിയും സാധ്യതയും എന്ന ലേഖനം എഴുതിയതാരാണ് ?

(A) വി. കെ. കുമാരൻ

(B) വി. കെ. ആദർശ്

(C) വി. ആർ. പ്രബോധ ചന്ദ്രൻ

(D) കെ. വിശ്വനാഥ്

(ii) അദ്ദേഹത്തിന്റെ കൃതികളിൽ ഉൾപ്പെടാത്തത് ഏത് ?

(A) ഇനി വായന ഇ - വായന

(B) ഇ - മലിനീകരണം

(C) വിവര സങ്കേതികവിദ്യ നിത്യജീവിതത്തിൽ

(D) നവമാധ്യമങ്ങളുടെ പുതിയ ആകാശങ്ങൾ

(d) (i) തെരുവിലെ കടകളുടെ കണക്ക് എടുത്തിട്ടില്ലെന്നും ആയിരക്കണക്കിനുണ്ടാകാമെന്നും പറഞ്ഞതാരാണ് ?

(A) വഴിയാത്രക്കാരൻ

(B) കച്ചവടക്കാരൻ

(C) കുട്ടികൾ

(D) കഥാകാരൻ

(ii) അത് കേട്ട ദിവാകരന്റെ ഭാവം എന്തായിരുന്നു ?

(A) ദേഷ്യം വന്നു

(B) നിരാശ തോന്നി

(C) അമ്പരന്നു പോയി

(D) ഉത്സാഹവാനായി

(e) (i) ചിത്രത്തിലെഴുതിയപോലെ ഇരിക്കുന്ന യുവതിയുടെ ചുമലിൽ കൈത്തലമർപ്പിച്ച് നെടുവീർപ്പിട്ടു - ആര് ?

(A) ഡോക്ടർ

(B) നഴ്സ്

(C) യുവാവ്

(D) സന്ദർശക

(ii) ഏതുസമാഹാരത്തിൽ നിന്നെടുത്തതാണീ കഥ ?

(A) പടിയിറങ്ങിപ്പോയ പാർവ്വതി

(B) രണ്ട് സ്വപ്നദർശികൾ

(C) കാവേരിയുടെ നേര്

(D) പനിക്കണ്ണ്

(f) (i) ഇന്റർനെറ്റ് വന്ന കാലത്തെ പ്രധാന ന്യൂനത എന്തായിരുന്നു ?

(A) ഇന്റർനെറ്റിന്റെ ദുരുപയോഗം

(B) മൊബൈൽ ഫോണിന്റെ ദൗർലഭ്യം

(C) വിനിമയഭാഷ ഇംഗ്ലീഷ് മാത്രം

(D) മാധ്യമങ്ങളോടുള്ള അകലം

(ii) ഇന്റർനെറ്റിന്റെ ഭാവിവികാസം എന്തിലൂടെയാണെന്നാണ് ലേഖകന്റെ അഭിപ്രായം?

(A) പ്രാദേശിക ഭാഷയിലൂടെ

(B) യുട്യൂബിലൂടെ

(C) ബ്ലോഗിലൂടെ

(D) വ്യക്തി സ്വകാര്യതയിലൂടെ

## ബി വിഭാഗം / SECTION B

4. ഖണ്ഡിക വായിച്ച് ചുവടെയുള്ള പത്ത് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. *10×1=10*

സർഗ്ഗാത്മക സാഹിത്യമെന്നപോലെ നിരൂപണവും എഴുത്തുകാരന്റെ മാനസിക വ്യാപാരമാണ്: എങ്കിലും വൈജ്ഞാനികവും സാമൂഹികവും സാഹിതീയവുമായ രംഗങ്ങളിലുണ്ടാവുന്ന സ്ഫോടനാത്മകമായ പരിവർത്തനത്തിന്റെ ഘട്ടത്തിലാണ് അത് സമഗ്രമായ ഒരു സാഹിത്യരൂപമെന്ന നിലയിൽ അംഗീകാരം നേടുന്നത് . മലയാളത്തിൽ ബുദ്ധിയും വിവേകവും പ്രതിഭയും ഉപയോഗിച്ച് സൂക്ഷ്മമായ സാഹിത്യ നിരീക്ഷണത്തിന് തയ്യാറായ നിരൂപകരാണ് എം.പി. പോൾ, കേസരി ബാലകൃഷ്ണപിള്ള, കുട്ടികൃഷ്ണ മാരാർ, ജോസഫ് മുണ്ടശ്ശേരി എന്നിവർ. ധൈഷണികവും ആസ്വാദനപരവുമായ ഒരു നവീന വീക്ഷണം മലയാള സാഹിത്യത്തിന്റെ ചിന്താമണ്ഡലത്തിലേക്ക് വലിച്ചെറിഞ്ഞപ്പോൾ ജീർണിച്ച സാഹിത്യ തത്ത്വങ്ങളോടുള്ള പ്രതിഷേധം വ്യക്തമാക്കുകയാണ് കുട്ടികൃഷ്ണ മാരാർ ചെയ്തത്. മുണ്ടശ്ശേരിയാകട്ടെ 'കാവ്യപീഠിക' എന്ന കൃതിയിലൂടെ ഭാരതീയ സാഹിത്യസിദ്ധാന്തങ്ങളും പാശ്ചാത്യ സിദ്ധാന്തങ്ങളുമായി പരസ്പരബന്ധം സ്ഥാപിച്ചുകൊണ്ട് തന്റെ സാഹിത്യാദി വീക്ഷണം വ്യക്തമാക്കി. 'രൂപമഞ്ജരി' എന്ന കൃതിയിലൂടെ ഗദ്യപദ്യ സാഹിത്യരൂപങ്ങൾക്ക് താത്ത്വികാടിത്തറയുണ്ടാക്കിയ കേസരി ബാലകൃഷ്ണപിള്ളയും നോവൽസാഹിത്യം, ചെറുകഥാപ്രസ്ഥാനം എന്നീ ലാക്ഷണിക ഗ്രന്ഥങ്ങളിലൂടെ ഗദ്യസാഹിത്യത്തിനു ഗൗരവപൂർവ്വമായ അടിസ്ഥാനം സൃഷ്ടിച്ച എം.പി. പോളുമൊക്കെ തങ്ങളുടെ സാഹിത്യദർശനമെന്തെന്ന് അതതു ഗ്രന്ഥങ്ങളിലൂടെ പ്രഖ്യാപിച്ചു. സാഹിത്യം ഹൃദയവും ഹൃദയവും തമ്മിലുള്ള

സംവേദനമാണെന്നും അന്ത:ക്രിയാത്മകമായാലേ കലയുള്ളു എന്നും അവർ സിദ്ധാന്തിച്ചതോടെ സാഹിത്യത്തെ ഗൗരവപൂർണമായി നോക്കിക്കാണുന്ന ഒരു തലമുറ ഉയർന്നുവന്നു. കല ജീവിതം തന്നെയെന്നു വിശ്വസിച്ചുകൊണ്ടു ജീവിതത്തിന്റെ പരപ്പുകളിൽ നിന്നുതന്നെ കലയുടെ സൂക്ഷ്മതത്ത്വങ്ങൾ നിഷ്പാദിപ്പിച്ചെടുക്കാനായിരുന്നു അന്നത്തെ നിരൂപകരുടെ ശ്രമം. അതുകൊണ്ട്തന്നെ വിശാലമായ ജീവിത വീക്ഷണത്തോടെ രചിക്കപ്പെടുന്ന കൃതികളേ മഹത്തായ കൃതികളാവൂ എന്നവർ പ്രസ്താവിച്ചു. സാഹിത്യത്തിനു മാത്രം തനതായ ശാശ്വത മൂല്യമൊന്നുമില്ലെന്നും ജീവിതത്തിന്റെ ശാശ്വതമൂല്യം തന്നെയാണ് സാഹിത്യത്തിനും എന്നും കുട്ടികൃഷ്ണ മാരാർ മനസ്സിലാക്കിയിരുന്നു. ജീവിതത്തിന്റെ വ്യാപ്ത സൗന്ദര്യത്തെ അവലംബിച്ചാണ് അദ്ദേഹം ഇതിഹാസകൃതികൾ പഠിക്കാനൊരുങ്ങിയത്. വിമർശനത്തിന്റെ മുഖ്യായുധങ്ങളായി ടി. എസ്. എലിയറ്റ് പരിഗണിക്കുന്നത് താരതമ്യവും അപഗ്രഥനവുമാണ്. ഇതു തന്നെയായിരുന്നു മലയാള നിരൂപണരീതിയുടെയും സവിശേഷത. ജീവിതാഭിമുഖ്യം വളർന്ന് കല സാമൂഹ്യോൽക്കർഷത്തിനു വേണ്ടിയാവണം എന്ന ലക്ഷ്യത്തോടെയാണ് പുരോഗമന കലാസാഹിത്യപ്രസ്ഥാനം ഉടലെടുത്തത് . 'വരാനിരിക്കുന്ന ഒരു നവലോകത്തെ സ്വപ്നം കണ്ടുകൊണ്ട് അങ്ങോട്ടുള്ള യാത്രയ്ക്കായി സാഹിത്യത്തെ ഉപയോഗപ്പെടുത്തണമെന്ന പുരോഗമനപ്രസ്ഥാനത്തിന്റെ ചിന്ത ഏറ്റവും വികസിതമായ രീതിയിൽ കേസരി ബാലകൃഷ്ണപിള്ളയിൽ ദർശിക്കാം. ഈ നിരൂപകർ ഉയർത്തിവിട്ട നിരൂപണ സങ്കല്പങ്ങളുടെ ഉജ്ജ്വലമായ മുഴക്കം തന്നെയാണ് ഇന്നും മലയാളത്തിൽ അനുരണനം ചെയ്തുകൊണ്ടിരിക്കുന്നത്.

**ചോദ്യങ്ങൾ :**

(a) നിരൂപണം സമഗ്രമായ ഒരു സാഹിത്യ രൂപം എന്ന നിലയിൽ അംഗീകാരം നേടുന്നതെപ്പോഴാണ് ?

(b) ജീർണിച്ച സാഹിത്യതത്ത്വങ്ങളോടുള്ള പ്രതിഷേധം വ്യക്തമാക്കിയതാര് ?

(c) കാവ്യപീഠിക എഴുതിയതാര് ?

(d) രൂപമഞ്ജരിയിലൂടെ കേസരി ചെയ്തത് എന്ത് ?

(e) എം പി പോൾ എഴുതിയ ഒരു കൃതിയുടെ പേരെഴുതുക ?

(f) സാഹിത്യം എന്നാൽ എന്തെന്നാണ് നിരൂപകർ സിദ്ധാന്തിച്ചത് ?

(g) വിശാലമായ ജീവിത വീക്ഷണം സാഹിത്യകാരന് വേണമെന്ന് നിരൂപകർ പ്രസ്താവിക്കാൻ കാരണമെന്താണ് ?

(h) ഏത് അവലംബിച്ചാണ് കുട്ടികൃഷ്ണ മാരാർ ഇതിഹാസങ്ങൾ പഠിച്ചത് ?

(i) വിമർശനത്തിന്റെ മുഖ്യായുധങ്ങളായി ടി. എസ്. എലിയറ്റ് പരിഗണിക്കുന്നതെന്തെല്ലാം ?

(j) പുരോഗമനകലാസാഹിത്യപ്രസ്ഥാനത്തിന്റെ ലക്ഷ്യം എന്തായിരുന്നു ?

(k) പുരോഗമന പ്രസ്ഥാനത്തിന്റെ ഏതുചിന്തയാണ് കേസരിയിൽ പ്രകടമാവുന്നത് ?

(l) ഈ ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം നൽകുക.

**5.** ഏതെങ്കിലും അഞ്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. *5×3=15*

(a) കേശിനിയുടെ വിവരണങ്ങളിൽനിന്ന് ദമയന്തി ഉറപ്പിച്ചതെന്ത് ? എന്തെല്ലാമായിരുന്നു കേശിനി വിവരിച്ചത് ?

(b) ഈറ്റപ്പുലി മുരളും കണ്ണിൽ തീത്തുള്ളിയുമായി നിന്ന കിരാതന്റെ പ്രതികരണങ്ങൾ വിവരിക്കുക.

(c) ഭാഷയുടെ സവിശേഷത കൊണ്ട് നളചരിതം വ്യത്യസ്തമാവുന്നു - പദ്യ ഭാഗത്തെ ആസ്പദമാക്കി വിവരിക്കുക.

(d) ശകുന്തളയുടെ പ്രതികരണത്തിലൂടെ എഴുത്തച്ഛൻ സമൂഹത്തിന് മുന്നിൽ കാഴ്ച്ചവെക്കുന്ന ധർമ്മോപദേശങ്ങൾ വിവരിക്കുക.

(e) നാട്ടുഭാഷയുടെയും ദ്രാവിഡസംസ്കാരത്തിന്റെയും സൗന്ദര്യം കിരാതവൃത്തത്തെ ആസ്വാദ്യമാക്കുന്ന വിധം വിവരിക്കുക.

(f) കൊള്ളി വാക്കല്ലാതൊന്നും എന്ന പദ്യഭാഗത്തിനുള്ള സമകാലികപ്രസക്തിയെന്ത് ?

**6.** ഏതെങ്കിലും അഞ്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. *5×3=15*

(a) ഒരു സ്ത്രീപക്ഷ രചനയായ ഗൗളി ജന്മം ഏതെല്ലാം സാമൂഹിക വിഷയങ്ങളെക്കൂടി വിമർശിക്കുന്നുണ്ട് ?

(b) 'ഫോട്ടോ' എന്ന വസ്തു അവകാശങ്ങളുടെ പ്രശ്നത്തിൽ ഒരു പ്രധാന കഥാപാത്രമാവുന്നതെങ്ങനെ ?

(c) സാധാരണക്കാരനും പ്രാപ്യമായതുകൊണ്ട് സാമൂഹികമാധ്യമങ്ങൾ കൂടുതൽ ജനാധിപത്യപരമാണ് എന്ന് സമർത്ഥിക്കുക.

(d) "ഇത് കണ്ടെത്താനാണോ ആ പാവം രാജകുമാരൻ ഇക്കണ്ട ത്യാഗമൊക്കെ സഹിച്ചത് ?" ഈ ചോദ്യത്തിന്റെ സന്ദർഭം വിവരിക്കുക.

(e) ദിവാകരന്റെ ആത്മവിശ്വാസം ഉലഞ്ഞു തുടങ്ങിയ വിധം കഥാകാരൻ വിവരിക്കുന്നതെങ്ങനെ ?

(f) പരമ്പരാഗത മാധ്യമങ്ങൾക്ക് പകരമല്ല സോഷ്യൽ നെറ്റ്‌വർക്കിങ് സൈറ്റുകൾ എന്ന പറയാൻ കാരണമെന്ത് ?

## സി വിഭാഗം / SECTION C

**7.** ചുവടെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് 150ൽ കുറയാത്ത വാക്കുകളിൽ ഉത്തരം എഴുതുക. *1×5=5*

(a) വിദ്യാഭ്യാസകാലഘട്ടത്തിൽ അനുഭവിച്ചിരുന്ന ദാരിദ്ര്യത്തെക്കുറിച്ച് ശ്രീ . എം.ടി വാസുദേവൻ നായർ സ്മരിക്കുന്നതെന്തെല്ലാം?

**OR (അല്ലെങ്കിൽ)**

(b) 'അമ്മ' എല്ലാവരുടെ മനസ്സിലും ഒളിമങ്ങാത്ത സാന്നിദ്ധ്യമാണ്. എം ടി. വാസുദേവൻ നായർ അമ്മയെ അവതരിപ്പിക്കുന്ന രീതി വിവരിക്കുക.

**8.** ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഒന്നര പുറത്തിൽ കവിയാതെ ഉപന്യസിക്കുക. *1×5=5*

(a) ലഹരിക്ക് അടിമപ്പെടുന്ന പുതുതലമുറ.

**OR (അല്ലെങ്കിൽ)**

(b) സ്ത്രീ സുരക്ഷ വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത.

**9.** "തീവ്രവാദത്തിന്റെ ചതിക്കുഴികൾ" എന്ന ലേഖനം പ്രസിദ്ധീകരിച്ചതിനെ അഭിനന്ദിച്ചുകൊണ്ട് പ്രമുഖപത്രത്തിലേക്ക് കത്ത് തയ്യാറാക്കുക. *1×5=5*